**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – റോഡ് പുനരുദ്ധാരണ പദ്ധതി – അധിക മാർഗനിർദ്ദേശങ്ങൾ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം.)വകുപ്പ്**

സ.ഉ.(എം.എസ്.)നം. 56/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 20–03–2010

---

പരാമർശം: സ.ഉ.(എം.എസ്.)നം.11/2010/തസ്വഭവ; തീയതി 15.01.2010.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് ആവിഷ്കരിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ പരാമർശത്തിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2010 മാർച്ച് 15 വരെ സംസ്ഥാനത്ത് 40 തദ്ദേശഭരണ സ്ഥാപനങ്ങളാണ് റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയിട്ടുള്ളത്. ഈ വിഷയം 18.03.2010–ന് കൂടിയ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാരുടെ യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവ സർക്കാർ വിശദമായി പരിശോധിച്ച് റോഡ് പുനരുദ്ധാരണ പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ചുവടെ പ്രതിപാദിക്കുന്ന അധിക മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. 2009–10–ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം റോഡ് വിഹിതത്തിലേക്ക് വകമാറ്റി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ കഴിയാത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2010–11–ലെ റോഡിതര വിഹിതത്തിന്റെ 20 ശതമാനം വരെ റോഡ് വിഹിതത്തിലേക്ക് വകമാറ്റാവുന്നതാണ്.

**3. ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കൽ**

3.1 ജില്ലാപഞ്ചായത്തുകൾ മറ്റ് ജില്ലാറോഡുകളുടെയും ബ്ലോക്ക് പഞ്ചായത്തുകൾ എം.എൽ.എ. റോഡുകളുടെയും നബാർഡ്–ആർ.ഐ.ഡി.എഫ്. റോഡുകളുടെയും അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ.

3.2 ജില്ലാപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും പരാമർശത്തിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അനുബന്ധ ഫോറങ്ങൾ സമർപ്പിക്കേണ്ടതില്ല. പകരം ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം I–ലും ഫോറം II–ലും വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്.

3.2 പരാമർശത്തിലെ ഉത്തരവിന്റെ ഖണ്ഡിക 8 പ്രകാരം വിവിധ സ്രോതസ്സുകളിലൂടെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന ഫണ്ട് വിനിയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയുന്ന റോഡുകളുടെ വിവരങ്ങൾ ഫോറം I–ൽ തയ്യാറാക്കണം. ലഭ്യമാകാവുന്ന തുക നിശ്ചയിക്കുമ്പോൾ ഈ ഉത്തരവിന്റെ ഖണ്ഡിക 2–ലെ മാർഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കാവുന്നതാണ്. ലഭ്യമായ വിഹിതത്തിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി വേണം ഫോറം I–ൽ രേഖപ്പെടുത്തേണ്ടത്.

3.3 ഫണ്ട് ലഭ്യമല്ലാത്തതുകാരണം അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തതും സർക്കാരിൽ നിന്ന് അധിക തുക ആവശ്യമായതുമായ റോഡുകളുടെ വിവരങ്ങൾ ഫോറം II–ൽ തയ്യാറാക്കേണ്ടതാണ്. അറ്റകുറ്റപ്പണി സംബന്ധിച്ച ആവശ്യകതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലായിരിക്കണം റോഡുകൾ പട്ടികപ്പെടുത്തേണ്ടത്.

3.4 റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഫോറം I, II എന്നിവ തയ്യാറാക്കാവുന്നതാണ്.

3.5 ജില്ലാപഞ്ചായത്തുകൾ ഫോറം I, II എന്നിവ തയ്യാറാക്കി 2010 മാർച്ച് 24–നകം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭ്യമാക്കേണ്ടതാണ്.

3.6 ബ്ലോക്ക് പഞ്ചായത്തുകൾ ഫോറം I–ലും ഫോറം II–ലും വിവരങ്ങൾ തയ്യാറാക്കി 2010 മാർച്ച് 23–നകം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകുകയും ജില്ലാ പ്ലാനിംഗ് ഓഫീസർ അവ ക്രോഡീകരിച്ച് മാർച്ച് 24–നകം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

3.7 ഇപ്രകാരം ഫോറങ്ങൾ സമർപ്പിക്കുന്നതിന് ടി.എ.ജി. പരിശോധന, ജില്ലാ ആസൂത്രണസമിതി അംഗീകാരം എന്നിവ ആവശ്യമില്ല. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ടുകളും ഫോറം I, II എന്നിവയോടൊപ്പം സമർപ്പിക്കേണ്ടതില്ല.

## 4. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പദ്ധതി തയ്യാറാക്കൽ

4.1 ഈ ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറങ്ങൾ (I & II) ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബാധകമല്ല. പരാമർശത്തിലെ ഉത്തരവിന്റെ അനുബന്ധ ഫോറങ്ങളിലാണ് (എ, സി, ഡി, ഇ) വിവരങ്ങൾ തയ്യാറാക്കേണ്ടത്.

4.2 അറ്റകുറ്റപ്പണി ആവശ്യമായ റോഡുകളുടെ വിവരങ്ങൾ റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അനുബന്ധം എ–യിൽ തയ്യാറാക്കേണ്ടതാണ്.

4.3 ബ്ലോക്ക് പഞ്ചായത്തുകളുടെ റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവ് പ്രകാരം പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തുകൾ റോഡുകളുടെ വിവരങ്ങൾ അനുബന്ധം 'എ'–യിൽ തയ്യാറാക്കിയതിനുശേഷം അതിന്റെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിന് നൽകുകയും ബ്ലോക്ക് പഞ്ചായത്ത് അറ്റകുറ്റപ്പണി നടത്തുന്ന റോഡുകൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന അനുബന്ധം എ–യിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കണം. ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സമർപ്പിക്കുന്ന ഫോറം I, II എന്നിവയുടെ പകർപ്പ് ഗ്രാമപഞ്ചായത്തുകൾ ശേഖരിച്ച് ഇക്കാര്യം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

4.4 അനുബന്ധം എ, സി, ഡി, ഇ എന്നിവ തയ്യാറാക്കി നേരിട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കണം. ഫോറങ്ങൾക്ക് ടി.എ.ജി. പരിശോധന, ഡി.പി.സി. അംഗീകാരം എന്നിവ ആവശ്യമില്ല. ഈ ഘട്ടത്തിൽ പ്രോജക്ടുകളും സമർപ്പിക്കേണ്ട തില്ല.

4.5 ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ മാർച്ച് 24–നകം തന്നെ വിശദാംശങ്ങൾ സർക്കാരിന് ലഭ്യമാക്കണമെന്ന് നിർബന്ധമില്ല. അനുബന്ധ ഫോറങ്ങൾ തയ്യാറാക്കി മാർച്ച് 24–നകം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കാൻ കഴിയാത്ത ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവ ഏപ്രിൽ 1–നുശേഷം സമർപ്പിക്കാവുന്നതാണ്.

4.6 ഏപ്രിൽ 1–നുശേഷം റോഡ് പുനരുദ്ധാരണ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുവടെ പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

(1) ബ്ലോക്ക് പഞ്ചായത്ത് അറ്റകുറ്റപ്പണി നടത്തുന്ന റോഡുകൾ ഒഴികെയുള്ളതിൽ അറ്റകുറ്റപ്പണി ആവശ്യമായ എല്ലാ ഗ്രാമീണ റോഡുകളുടെയും വിവരങ്ങൾ അനുബന്ധം എ–യിൽ തയ്യാറാക്കണം. 2009–10 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത റോഡ് മെയിന്റനൻസ് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം എ–യിൽ ഉൾപ്പെടുത്തേണ്ടതില്ല. അതുകൊണ്ടുതന്നെ ആ ഫോറത്തിന്റെ കോളം 11 പൂരിപ്പിക്കേണ്ട ആവശ്യവുമില്ല. റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കോളം 10 പൂരിപ്പിക്കാവുന്നതാണ്.

(2) അനുബന്ധം സി, ഡി എന്നിവ സമർപ്പിക്കേണ്ടതില്ല. അനുബന്ധം എ, ഇ എന്നിവ മാത്രം സമർപ്പിച്ചാൽ മതിയാകും (മാർച്ച് 24–ന് മുമ്പ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾ അനുബന്ധം എ, സി, ഡി, ഇ എന്നിവ സമർപ്പിക്കണം). അറ്റകുറ്റപ്പണി ആവശ്യമായ എല്ലാ റോഡുകളുടെയും വിവരങ്ങൾ അനുബന്ധം എ–യിലും അതിൽ ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ കഴിയുന്ന റോഡുകൾ അനുബന്ധം

ഇ–യിലും തയ്യാറാക്കണം. ലഭ്യമായ വിഹിതത്തിൽ പരിമിതപ്പെടുത്തി ഭരണാനുമതി നൽകുന്ന പ്രവൃത്തികളായിരിക്കണം അനുബന്ധം ഇ–യിൽ ഉൾപ്പെടുത്തേണ്ടത്. അനുബന്ധം എ, ഇ എന്നിവ സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കേണ്ടതാണ്.

(3) അനുബന്ധം എ, ഇ എന്നിവയോടൊപ്പം അവയുടെ ഇലക്ട്രോണിക് കോപ്പി കൂടി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകണം. ഫോറങ്ങൾക്ക് ടി.എ.ജി. പരിശോധനയും ജില്ലാ ആസൂത്രണ സമിതി അംഗീകാരവും ആവശ്യമില്ല. ഈ ഘട്ടത്തിൽ പ്രോജക്ടുകളും സമർപ്പിക്കേണ്ടതില്ല.

(4) ഏപ്രിൽ 1–നുശേഷം വിശദാംശങ്ങൾ തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും ഖണ്ഡിക 4.3–ലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.

(5) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അനുബന്ധം എ, ഇ എന്നിവയിൽ വിവരങ്ങൾ തയ്യാറാക്കി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകേണ്ട അവസാന തീയതി 2010 ഏപ്രിൽ 12 ആയിരിക്കും.

(6) ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അധികം ആവശ്യമായ തുകയുടെ വിവരങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർ സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച് അനുബന്ധം ജി–യിൽ ക്രോഡീകരിച്ച് 2010 ഏപ്രിൽ 17–നകം സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വിവരങ്ങൾ ക്രോഡീകരിച്ച് ഒറ്റത്തവണയായി സർക്കാരിന് ലഭ്യമാക്കാൻ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ ശ്രദ്ധിക്കണം. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മാർച്ച് 24–ന് മുമ്പ് വിവരങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കുകയാണെങ്കിൽ തന്നെയും ഏപ്രിൽ 12–നുശേഷം അവ ക്രോഡീകരിച്ച് ഒറ്റത്തവണയായി സർക്കാരിന് ലഭ്യമാക്കിയാൽ മതിയാകും.

5. 2010–11–ലെ വിഹിതം മാത്രം വകയിരുത്തി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാകാവുന്ന വിഹിതം ചുവടെ പ്രതിപാദിക്കുന്ന സ്രോതസ്സുകളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

5.1 പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതത്തിന്റെ ക്യാരിഓവർ തുക. (സ്പിൽഓവർ പ്രോജക്ടുകൾക്ക് വകയിരുത്തിയതിനുശേഷം വിഹിതം ബാക്കിയുണ്ടെങ്കിൽ)

5.2 2009–10–ലെ റോഡിതര മെയിന്റനൻസ് ഫണ്ടിന്റെ 20 ശതമാനം റോഡ് വിഹിതത്തിലേക്ക് വകമാറ്റി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കാൻ കഴിയാത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2010–11–ലെ റോഡിതര വിഹിതത്തിന്റെ 20 ശതമാനം വരെ റോഡ് വിഹിതത്തിലേക്ക് വകമാറ്റാവുന്നതാണ്.

5.3 2010–11–ൽ ലഭിക്കുന്ന റോഡ് മെയിന്റനൻസ് ഫണ്ട്.

5.4 2010–11–ലെ പൊതുവിഭാഗം വികസനഫണ്ടിന്റെ പശ്ചാത്തല മേഖലാ വിഹിതം.

5.5 2010–11 –ലെ തനത്/ജനറൽ പർപ്പസ് ഫണ്ട് മിച്ചം.

**6. പ്രവൃത്തികളുടെ നിർവഹണം**

6.1 വിവിധ സ്രോതസ്സുകളിലൂടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി മാത്രമേ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നുള്ളൂവെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

6.2 ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എ.ജി.യുടെ സാങ്കേതികാനുമതി നേടി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്.

6.3 ഫണ്ട് ലഭ്യമല്ലാത്തതുകാരണം സർക്കാരിൽനിന്നും ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് ചെയ്യുന്ന പ്രവൃത്തികൾക്ക് ഇപ്പോൾ ഭരണാനുമതി നൽകാനോ നിർവഹണ നടപടികൾ ആരംഭിക്കാനോ പാടില്ല. സർക്കാരിൽ നിന്നും ലഭിക്കാനിടയുള്ള അധിക വിഹിതത്തിന്റെ വിശദാംശങ്ങൾ അറിഞ്ഞതിനുശേഷം മാത്രമെ തുടർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ.

**7. പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ**

7.1 2009–10, 2010–11 വാർഷിക പദ്ധതി വിഹിതങ്ങൾ സമന്വയിപ്പിച്ച് റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണാനുമതി നൽകിയ പ്രവൃത്തികൾ 2009–10–ലെ അന്തിമ നടപടി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനായി ദ്വിവർഷ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

7.2 2010–11–ലെ വിഹിതം മാത്രം വകയിരുത്തി റോഡ് പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണാനുമതി നൽകിയ പ്രവൃത്തികൾ നിശ്ചിത പ്രോജക്ട് ഫോറങ്ങളിൽ (ഏകവർഷ പ്രോജക്ടുകൾ) തയ്യാറാക്കി, 2010–11 വാർഷിക പദ്ധതി പൂർണ്ണമാക്കി സമർപ്പിക്കുമ്പോൾ അതിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്

## പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം
## റോഡ് പുനരുദ്ധാരണ പദ്ധതി

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിക്കേണ്ട ഫോറം)

ഫോറം I: 2009–10, 2010–11 വാർഷിക പദ്ധതികളിൽ വിവിധ സ്രോതസുകളിൽ നിന്ന് ലഭ്യമാകുന്ന വിഹിതത്തിന് അനുസൃതമായി ഏറ്റെടുക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:........................................................................................ ജില്ല:..............................................................................

(തുക രൂപയിൽ)

| ക്രമ നമ്പർ | റോഡിന്റെ/പ്രവൃത്തിയുടെ പേര് | റോഡ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ/ഗ്രാമ പഞ്ചായത്തുകളുടെ പേര് | നീളം (കി.മീ) | അറ്റകുറ്റപ്പണി ആവശ്യമുണ്ടോ? (ഉണ്ട്/ഇല്ല) | റഫ്കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ (ഫണ്ട് ലഭ്യമായ പ്രവൃത്തികൾ) | X | X | X | |

കുറിപ്പ് :

1. ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ 15.01.2010–ലെ സ.ഉ.(എം.എസ്.)11/2010/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അനുബന്ധ ഫോറങ്ങൾ സമർപ്പിക്കേണ്ടതില്ല. ഈ ഉത്തരവ് പ്രകാരമുള്ള ഫോറം I, II എന്നിവ മാത്രം സമർപ്പിച്ചാൽ മതിയാകും.
2. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഫോറം I, II എന്നിവ ബാധകമല്ല. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. ജില്ലാപഞ്ചായത്തുകൾ മറ്റ് ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളു.
4. ബ്ലോക്ക് പഞ്ചായത്തുകൾ എം.എൽ.എ. റോഡുകളുടെയും നബാർഡ്–ആർ.ഐ.ഡി.എഫ്. റോഡുകളുടെയും അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ.
5. ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള മറ്റ് ജില്ലാ റോഡുകളിൽ അറ്റകുറ്റപ്പണി ആവശ്യമില്ലാത്ത റോഡുകളുടെ വിവരങ്ങൾ കൂടി ഫോറം I–ൽ ഉൾപ്പെടുത്തണം. ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ പട്ടിക സംസ്ഥാനതലത്തിൽ ശേഖരിക്കേണ്ടതുള്ളതുകൊണ്ടാണ് അറ്റകുറ്റപ്പണി ആവശ്യമില്ലാത്ത റോഡുകൾ കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നത്. അത്തരം റോഡുകളെ സംബന്ധിച്ചിടത്തോളം കോളം 5–ൽ അറ്റകുറ്റപ്പണി ആവശ്യമില്ല എന്ന് രേഖപ്പെടുത്തണം. ഫോറം I, II എന്നിവയിൽ ഉൾപ്പെടുത്തുന്ന റോഡുകളായിരിക്കും ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള മറ്റ് ജില്ലാ റോഡുകളായി സർക്കാർ പരിഗണിക്കുന്നത്.

സ്ഥലം:............ (ഓഫീസ് മുദ്ര) ഒപ്പ് (സെക്രട്ടറി):.........................

തീയതി:............ പേര്:................................

**പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം**
**റോഡ് പുനരുദ്ധാരണ പദ്ധതി**
(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ സമർപ്പിക്കേണ്ട ഫോറം)

ഫോറം II: ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഏറ്റെടുക്കാൻ കഴിയാത്തതും സർക്കാരിൽ നിന്നും അധിക തുക ആവശ്യമായതുമായ റോഡ് പ്രവൃത്തികൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:........................................................................................ ജില്ല:..............................................................................

(തുക രൂപയിൽ)

| ക്രമ നമ്പർ | റോഡിന്റെ/പ്രവൃത്തിയുടെ പേര് | റോഡ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ/ഗ്രാമപഞ്ചായത്തുകളുടെ പേര് | നീളം (കി.മീ) | അറ്റകുറ്റപ്പണി ആവശ്യമുണ്ടോ? (ഉണ്ട്/ഇല്ല) | റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| 1) | (2) | (3) | (4) | (5) | (6) |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | ആകെ (ഫണ്ട് ലഭ്യമല്ലാത്ത പ്രവൃത്തികൾ) | X | X | X | |

കുറിപ്പ് :

1. ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ 15.01.2010–ലെ സ.ഉ.(എം.എസ്.)11/2010/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള അനുബന്ധ ഫോറങ്ങൾ സമർപ്പിക്കേണ്ടതില്ല. ഈ ഉത്തരവ് പ്രകാരമുള്ള ഫോറം I, II എന്നിവ മാത്രം സമർപ്പിച്ചാൽ മതിയാകും.
2. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഫോറം I, II എന്നിവ ബാധകമല്ല. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഈ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. ജില്ലാപഞ്ചായത്തുകൾ മറ്റ് ജില്ലാ റോഡുകളുടെ അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ.
4. ബ്ലോക്ക് പഞ്ചായത്തുകൾ എം.എൽ.എ. റോഡുകളുടെയും നബാർഡ്–ആർ.ഐ.ഡി.എഫ്. റോഡുകളുടെയും അറ്റകുറ്റപ്പണികൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ.

സ്ഥലം:............ (ഓഫീസ് മുദ്ര) ഒപ്പ് (സെക്രട്ടറി):........................

തീയതി:............ പേര്:......................................